**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4522** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഒ.ഇ.സി. വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | 23.05.2014 തീയതിയിലെ സ.ഉ. (എം.എസ്) നമ്പർ 10/2014/പി.സ.വി.വ. പ്രകാരം ഒ.ഇ.സി. വിഭാഗത്തിലെ ചവളക്കാരൻ സമുദായം ഉൾപ്പെടെയുള്ള സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള വാർഷിക വരുമാന പരിധി ആറുലക്ഷം രൂപയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ഇ.സി -ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സമുദായങ്ങളിൽ ചവളക്കാരൻ സമുദായം ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമുദായങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് ആറ് ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിക്കുമ്പോൾ നോൺ ക്രീമിലയർ പരിധിയും ആറ് ലക്ഷമായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. നോൺ ക്രീമിലെയർ വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ അല്ല ചവളക്കാരൻ അടക്കമുള്ള മുപ്പത് സമുദായങ്ങൾക്ക് ഒ.ഇ.സി -യ്ക്ക് തുല്യമായ ആനുകൂല്യങ്ങൾ അനുവദിച്ചത്. എല്ലാ വിധത്തിലുമുള്ള വരുമാനം കണക്കാക്കി കുടുംബ വാർഷിക വരുമാനം ആറ് ലക്ഷം അധികരിക്കാത്തവർക്കാണ് ഒ.ഇ.സി. ആനുകൂല്യങ്ങൾ അനുവദിച്ചത്. |
| (സി) | നോൺ ക്രീമിലയർ വരുമാന പരിധി എട്ട് ലക്ഷം രൂപയായി ഉയർത്തിയ സാഹചര്യത്തിൽ ചവളക്കാരൻ അടക്കമുള്ള ഒ.ഇ.സി. വിഭാഗത്തിലെ കുട്ടികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വാർഷിക വരുമാന പരിധി എട്ട് ലക്ഷം രൂപയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. നോൺ ക്രീമിലെയർ വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ അല്ല ഒ.ഇ.സി -യ്ക്ക് തുല്യമായ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ഈ ആവശ്യം പരിഗണിക്കുവാനാവില്ല. |
| (ഡി) | എങ്കിൽ പരിധി ഉയർത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ